"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം-ജീവനക്കാര്യം- കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര മുനിസിപ്പാലിറ്റിയിൽ സീനിയർ ഗ്രേഡ് ഡ്രൈവർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ജാഫർ അലി ക്ക് കെ.എസ്.ആർ ഭാഗം I, ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിൻ മേൽ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.766/2026/LSGD തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-

1. സർക്കുലർ നം. 36/94/ധന, തീയതി 14.06.1994.
2. സ.ഉ.(പി) നം.112/2017/ധന, തീയതി 24.08.2017.
3. ശ്രീ.ജാഫർ അലി യുടെ 19.10.2023ലെ അവധി അപേക്ഷ.
4. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.07.2024, ലെ LSGD/PD/12186/2024-DEF5 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര മുനിസിപ്പാലിറ്റിയിൽ സീനിയർ ഗ്രേഡ് ഡ്രൈവർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ജാഫർ അലി ക്ക് 11.12.2022 വരെയും 09.10.2023 വരെ ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ ശിപാർശ ചെയ്ത് സമർപ്പിക്കുകയുണ്ടായി. 11.12.2022 മുതൽ 08.10.2023 വരെ കാലയളവിലേക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്, 09.10.2023 തീയതിയിലുള്ള ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം (1) സർക്കുലർ, പരാമർശം (2) ഉത്തരവ് എന്നിവ പ്രകാരം കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര മുനിസിപ്പാലിറ്റിയിൽ സീനിയർ ഗ്രേഡ് ഡ്രൈവർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ജാഫർ അലി -ക്ക് 11.12.2022 മുതൽ 08.10.2023 വരെ, ടി കാലയളവ് ആർജ്ജിതാവധിയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലും 09.10.2023 തീയതി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളതിനാൽ പ്രസ്തുത തീയതിയിൽ ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെയും കെ.എസ്.ആർ., ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പദ്മിനി കെ എസ്

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം(സേവന പുസ്തകം സഹിതം).

ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്,കോഴിക്കോട്(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

സെക്രട്ടറി, രാമനാട്ടുകര മുനിസിപ്പാലിറ്റി, കോഴിക്കോട്(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ശ്രീ.ജാഫർ അലി , സീനിയർ ഗ്രേഡ് ഡ്രൈവർ, രാമനാട്ടുകര മുനിസിപ്പാലിറ്റി, കോഴിക്കോട്(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ധന വകുപ്പ് (18.02.2026ലെ ഡെവ-1/74/2025/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.(245/ഇപിഎ2/2024/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Signed by

Danuja M S

Date: 24-03-2026 13:29:07

സെക്ഷൻ ഓഫീസർ